**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2308** **30-07-2021 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യ കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഉൾനാടൻ മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് ആവിഷ്ക്കരിച്ച പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | ഉൾനാടൻ മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് ആവിഷ്ക്കരിച്ച പദ്ധതികൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | മത്സ്യ കൃഷി നടത്തുന്ന കർഷകർക്ക് ഗുണമേന്മയുള്ള മത്സ്യ കുഞ്ഞുങ്ങൾ, വിപണി, വായ്പ എന്നിവ ഒരുക്കുന്നതിനുള്ള പദ്ധതികൾ നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | മത്സ്യ കൃഷി നടത്തുന്ന കർഷകർക്ക് ഗുണമേന്മയുള്ള മത്സ്യ കുഞ്ഞുങ്ങൾ, വിപണി, വായ്പ എന്നിവ ഒരുക്കുന്നതിനുള്ള പദ്ധതികൾ നിലവിൽ ഉണ്ട് |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയ്ക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് വിവിധ മത്സ്യകൃഷി രീതികൾ നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു .

<u>സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി 2021-22</u>

| ക്രമ നം : | മത്സ്യകൃഷി രീതി | ഹെക്ടർ/ യൂണിറ്റ് | ധനസഹായം (ലക്ഷത്തിൽ) |
|---|---|---|---|
| 1 | അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി | 1445 ഹെക്ടർ | 1770.00 |
| 2 | സ്വകാര്യ കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി | 2860 ഹെക്ടർ | 85.80 |
| 3 | പൊതു കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി | 1516 ഹെക്ടർ | 45.48 |
| 4 | ഒരു നെല്ലും ഒരു മീനും കൃഷി | 19850 ഹെക്ടർ | 756.40 |
| 5 | അർദ്ധ ഊർജ്ജിത ഓരുജല മത്സ്യകൃഷി | 320 ഹെക്ടർ | 422.40 |
| 6 | ഓരുജലത്തിലെ വിശാല മത്സ്യകൃഷി | 275 ഹെക്ടർ | 22.00 |
| 7 | ശാസ്ത്രീയ ചെമ്മീൻ കൃഷി | 167 ഹെക്ടർ | 206.64 |
| 8 | ഒരു നെല്ലും ഒരു ചെമ്മീനും കൃഷി | 455 ഹെക്ടർ | 43.68 |
| 9 | ഞണ്ട് കൃഷി / കൊഴുപ്പിക്കൽ | 32.50 ഹെക്ടർ | 61.80 |
| 10 | പടുതാകുളത്തിലെ ഊർജിത ശുദ്ധജല മത്സ്യകൃഷി | 6110 യൂണിറ്റ് | 763.78 |
| 11 | ബയോഫ്ളോക്ക് കൃഷി (20 $m^3$) | 3380 യൂണിറ്റ് | 458.16 |
| 12 | ബയോഫ്ളോക്ക് കൃഷി (50 $m^3$) | 75 യൂണിറ്റ് | 78.75 |
| 13 | ബയോഫ്ളോക്ക് കൃഷി (160 $m^3$) | 490 യൂണിറ്റ് | 716.00 |
| 14 | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (50 $m^3$) | 290 യൂണിറ്റ് | 253.20 |
| 15 | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (100 $m^3$) | 263 യൂണിറ്റ് | 391.28 |
| 16 | ശുദ്ധജലത്തിലെ കൂടു കൃഷി | 670 യൂണിറ്റ് | 418.64 |
| 17 | ഓരുജലത്തിലെ കൂടു കൃഷി | 1725 യൂണിറ്റ് | 1062.20 |
| 18 | കല്ലുമ്മേക്കായ കൃഷി | 832 യൂണിറ്റ് | 49.92 |
| 19 | പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുല്പാദനം | 220 യൂണിറ്റ് | 95.36 |
| 20 | പിന്നാമ്പുറങ്ങളിലെ വരാൽ വിത്തുല്പാദനം | 40 യൂണിറ്റ് | 19.20 |

| | |
|---|---|
| ആകെ | 7720.69 |

കൂടാതെ മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ, കർഷകർക്കുള്ള പരിശീലനം, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, മത്സ്യകർഷക അവാർഡ്, റിസ്ക് മിറ്റിഗേഷൻ, പ്രൊമോട്ടർമാരുടെയും, പ്രോജക്ട് കോ-ഓർഡിനേറ്റർമാർമാരുടെയും വേതനം മുതലായവ നടപ്പിലാക്കുന്നതിനായി 2079.31 ലക്ഷം രൂപയും ഉറപ്പെടുത്തിയിട്ടുണ്ട്

ഇതിനു പുറമെ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2020-21 സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷിയ്ക്കായി 61.15 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ആയതനുസരിച്ച് ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 21 ഇനം കൃഷി രീതികൾ നടപ്പിലാക്കി പൂർത്തീകരിച്ചുവരുന്നു.

**ജനകീയ മത്സ്യകൃഷി 2020-21**

| ക്രമ നം: | മത്സ്യകൃഷി രീതി | ഹെക്ടർ/ യൂണിറ്റ് | അടങ്കൽ തുക (ലക്ഷത്തിൽ) | ധനസഹായം (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ശാസ്ത്രീയ കാർപ്പ് കൃഷി | 1335 ഹെക്ടർ | 6674.4 | 937.44 |
| 2 | പങ്കേഷ്യസ് കൃഷി | 178.8 ഹെക്ടർ | 2413.8 | 459.60 |
| 3 | നൈൽതിലാപ്പിയ കൃഷി | 95.08 ഹെക്ടർ | 1283.6 | 343.16 |
| 4 | റീസർക്കുലേറ്ററി അക്വാകൾച്ചർ | 282 യൂണിറ്റ് | 1410.00 | 169.60 |
| 5 | ഒരു നെല്ലും ഒരു മീനും കൃഷി | 19166 ഹെക്ടർ | 3833.2 | 996.70 |
| 6 | തദ്ദേശീയ മത്സ്യങ്ങളുടെ കൃഷി | 45.54 ഹെക്ടർ | 614.79 | 176.08 |
| 7 | ബയോഫ്ളോക്കിലെ ഗിഫ്റ്റ് കൃഷി | 40 ഹെക്ടർ | 180.00 | 72 |
| 8 | ശാസ്ത്രീയ ഓരുജല മത്സ്യകൃഷി | 279.6 ഹെക്ടർ | 2376.4 | 519.58 |
| 9 | ഓരുജല കൂട് മത്സ്യകൃഷി | 1050 യൂണിറ്റ് | 3675.00 | 472.50 |
| 10 | ഞണ്ട് കൃഷി | 18.9 ഹെക്ടർ | 160.65 | 42.90 |
| 11 | കല്ലുമ്മേക്കായ് കൃഷി | 1600 യൂണിറ്റ് | 240.00 | 96.00 |
| 12 | വിശാല ചെമ്മീൻ കൃഷി | 1092 യൂണിറ്റ് | 327.6 | 131.04 |
| 13 | ശുദ്ധജല കൂട് മത്സ്യ കൃഷി | 508 യൂണിറ്റ് | 1625.6 | 397.40 |
| 14 | കാർപ്പ് - വിശാലമത്സ്യകൃഷി | 1536ഹെക്ടർ | 46.08 | 46.08 |
| 15 | ശാസ്ത്രീയ ചെമ്മീൻ കൃഷി | 140 ഹെക്ടർ | 979.65 | 181.97 |
| 16 | ബയോഫ്ളോക്ക് വനാമി | 5 യൂണിറ്റ് | 21 | 8.4 |
| 17 | ഓരുജലത്തിലെ വിശാല മത്സ്യ കൃഷി | 169 ഹെക്ടർ | 50.7 | 20.28 |
| 18 | പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുല്പാദന യൂണിറ്റ് | 90 യൂണിറ്റ് | 225.00 | 90.00 |
| 19 | കാർപ്പുകളുടെ റിയറിംഗ് യൂണിറ്റ് | 10 ഹെക്ടർ | 12.00 | 4.80 |
| 20 | ഓരുജല മത്സ്യങ്ങളുടെ റിയറിംഗ് | 5 ഹെക്ടർ | 17.5 | 7.00 |
| 21 | പിന്നാമ്പുറങ്ങളിലെ തദ്ദേശീയ മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ് | 35 യൂണിറ്റ് | 70.00 | 90.00 |

| ആകെ | 26237 | 5200.53 |
|---|---|---|

കൂടാതെ കർഷകർക്കുള്ള പരിശീലനം, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, മത്സ്യകർഷക അവാർഡ്, മത്സ്യ രോഗ നിയന്ത്രണം, പ്രൊമോട്ടർമാരുടെയും, പ്രോജക്ട് കോ-ഓർഡിനേറ്റർമാർമാരുടെയും വേതനം മുതലായവ ചെയ്യുന്നതിനായി 914.47 ലക്ഷം രൂപയും ഉ പ്പെടുത്തിയിട്ടുണ്ട്

ഇതിനു പുറമേ സംസ്ഥാനത്തെ മുഴുവൻ പൊതുകുളങ്ങളിലും മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ കഴിഞ്ഞ സാമ്പത്തികവർഷം 1367.88 ഹെക്ടർ വിസ്തൃതിയിൽ 8165 എണ്ണം പൊതുകുളങ്ങളിൽ 68.39 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചുകഴിഞ്ഞു. കൂടാതെ ഈ സാമ്പത്തികവർഷം പുതുതായി 210 ഹെക്ടർ വിസ്തൃതിയിൽ പൊതുകുളങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതി പുറപ്പെടുവിച്ചിട്ടു ണ്ട്

കൂടാതെ മത്സ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് 2020-21 സാമ്പത്തിക വർഷം സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 4346 യൂണിറ്റ് വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷി, 2057 യൂണിറ്റ് ബയോഫ്ളോക്ക് മത്സ്യകൃഷി, 256 യൂണിറ്റ് കുളത്തിലെ കരിമീൻ കൃഷി, 446 യൂണിറ്റ് കൂടിലെ മത്സ്യകൃഷി എന്നിവ നടപ്പിലാക്കി പൂർത്തികരിച്ച് വരുന്നു.

കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷം PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 27 കോടി രൂപയുടെ റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ളോക് അക്വാകൾച്ചർ സിസ്റ്റം എന്ന നൂതന മത്സ്യകൃഷി രീതികളും, ബാണാസുര സാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി റിസർവോയറുകളിൽ 16.4 കോടി രൂപയുടെ 100 കൂടുകൾ വീതമുള്ള കൂടിലെ മത്സ്യകൃഷി പദ്ധതിയും നടപ്പിലാക്കി വരുന്നു.

Schitha

**സെക്ഷൻ ഓഫീസർ**